ആരോഗ്യമേഖലയിലെ സ്വകാര്യസ്ഥാപനങ്ങൾ

248 [3223] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് ഗവൺമെന്റ് സ്വകാര്യമേഖലകളിൽ എത്ര സ്ഥാപനങ്ങൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സർക്കാർമേഖലയിൽ സ്ഥാപനങ്ങളൊന്നും അനുവദിച്ചിട്ടില്ല. സ്വകാര്യ മേഖലയിൽ അനുവദിച്ച സ്ഥാപനങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

1.	എം. ബി. ബി. എസ്.	-	8	സ്ഥാപനങ്ങൾ
2.	ബി. ഡി. എസ്.	-	8	"
3.	ബി. ഫാം	-	19	"
4.	ബി. എസ്.സി. നേഴ്സിംഗ്	-	44	"
5.	ഡി. ഫാം	-	3	"
6.	പാരാമെഡിക്കൽ	-	28	"

ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിൽ അനുവദിച്ച സ്വകാര്യ സ്ഥാപനങ്ങൾ:

ഡിപ്ലോമ ഇൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്	-	12	സ്ഥാപനങ്ങൾ

മെഡിക്കൽ കൗൺസിൽ രജിസ്ട്രാർക്ക്കീഴിൽ അനുവദിച്ച സ്വകാര്യ സ്ഥാപനങ്ങൾ, കോഴ്സുകൾ:

ജനറൽ നഴ്സിംഗ് കോഴ്സ്	-	62	സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സ്വകാര്യമേഖലയിൽ അനുവദിച്ച സ്ഥാപനങ്ങൾ:

ആയുർവേദ മെഡിക്കൽ കോളേജ്	-	8
സിദ്ധ മെഡിക്കൽ കോളേജ്	-	1
		9 എണ്ണം

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം സ്വകാര്യമേഖലയിൽ അനുവദിച്ച കോഴ്സ്:

നഴ്സ്-കം-ഫാർമസി കോഴ്സ് - 1 സ്ഥാപനം

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

249 [3224] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II -നെ നിയമിക്കുന്നതിൽ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ്; ഇതു സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവുകളുടെയും സ്പെഷ്യൽ റൂൾസിന്റെയും കോപ്പികൾ ലഭ്യമാക്കാമോ:

(ബി) നിലവിലുള്ള സർക്കാർ ഉത്തരവുകളും സ്പെഷ്യൽ റൂളുകളും പ്രകാരം ആരോഗ്യവകുപ്പിലെ ഏതെല്ലാം ഗ്രേഡിലുള്ള ജീവനക്കാർക്കാണ് തസ്തികമാറ്റംവഴി ജെ. എച്ച്. ഐ. ഗ്രേഡ്- II ലേക്ക് മാറാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഉത്തരവുകളിലോ സ്പെഷ്യൽ റൂൾസിലോ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള ഉത്തരവിൽ മാറ്റം വരുത്താൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ; ഇതുമൂലം സർക്കാരിന് സാമ്പത്തികമായി നേട്ടമുണ്ടോ;

(ഇ) ഇപ്പോൾ ആരോഗ്യവകുപ്പിലുള്ള എത്ര ജീവനക്കാർക്കാണ് ഡി. എച്ച്. എസ്., ജെ. എച്ച്. ഐ. കോഴ്സിന് പ്രൈവറ്റായി പഠിക്കുവാൻ എൻ.ഒ.സി. നൽകിയിട്ടുള്ളത്;

(എഫ്) എൻ.ഒ.സി. നൽകി പഠിക്കുവാൻ അയച്ച ജീവനക്കാരെ നിലവിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്ന ഉത്തരവിന്റെ പരിധിയിൽനിന്ന് ഒഴിവാക്കാൻ തയ്യാറാകുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly